കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - ആലത്തൂർ നിയോജകമണ്ഡലം - പ്രവൃത്തികൾക്ക് ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.4082/17/തസ്വഭവ                    തിരുവനന്തപുരം, തീയതി, 18.12.2017

---

വായന:- 1. 11/06/2012- ലെ സർക്കാർഉത്തരവ് (അച്ചടി)നം- 332/12/ധന.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 30/10//2017 ലെ ഡി.ബി3-323/17/സി.ഇ/ തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ആലത്തൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. കെ.ഡി.പ്രസേനൻ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 165 ലക്ഷം രൂപയ്ക്ക് (നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

| ക്രമ നം. | പ്രോജക്റ്റ് ഐഡി | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|---|
| 1 | 1048 | ആലത്തൂർ പഞ്ചായത്ത് GMLPS കെട്ടിടനിർമ്മാണം | 45 ലക്ഷം |
| · | 1049 | ആലത്തൂർ പഞ്ചായത്ത് ദേശീയ മൈതാനത്തിൽ ഓപ്പൺ ആഡിറ്റോറിയം ആന്റ് സ്റ്റേജ് | 20 ലക്ഷം |
| 3 | 1050 | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയം | 100 ലക്ഷം |
| ആകെ | | | 165 ലക്ഷം |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലത്തൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. കെ. ഡി. പ്രസേനൻ എം. എൽ. എ. യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും മുകളിൽ ചേർത്തിരിക്കുന്ന 3 പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്നതിനായി 165 ലക്ഷം രൂപയ്ക്ക് (നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും വായന (1) സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ടി പ്രവൃത്തികൾക്കുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതും എന്നാൽ Project ID:1050, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയം എന്ന പ്രവൃത്തിയ്ക്ക് 75 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷത്തിലെ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.ഡി.പ്രസേനൻ , എം.എൽ.എ (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
മാനേജർ, നിർമ്മിതി കേന്ദ്ര, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി, ആലത്തൂർ,കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തുകൾ
ധനകാര്യ വകുപ്പ് (ഫയൽ . ഐ . ഡി .366/ എൻ . സി . സി .2/2016/ ധന തീയതി 13.12.2017)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/360/2017/ത.സ്വ.ഭ.വ&ഡി.ബി.2/9/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ